# ആരോഗ്യ കേരളം

2022 ഫെബ്രുവരി

വാർത്താപത്രിക





കൊവിഡുമായുള്ള ഈ യുദ്ധത്തിൽ നിങ്ങളും ഭാഗമാകൂ....

BE THE YOUNG WARRIOR

15 നും 17 നും ഇടയിൽ പ്രായമുള്ള കുട്ടികൾ രണ്ട് ഡോസ് കൊവിഡ് വാക്സിനും സ്വീകരിക്കുക


KAYAKALP कायाकल्प

Rejuvenating Public Healthcare Facilities

# പുരസ്കാര മികവിൽ 31 സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ

## സംസ്ഥാന കായകൽപ് അവാർഡിൽ മികച്ച നേട്ടം

തിരുവനന്തപുരം: 2021-22 വർഷത്തെ സംസ്ഥാന കായകൽപ് അവാർഡ് ആരോഗ്യമന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. മികച്ച നേട്ടങ്ങളുമായി സർക്കാർ മേഖലയിലെ 31 ആരോഗ്യസ്ഥാപനങ്ങളാണ് ഇത്തവണ പുരസ്കാരം കരസ്ഥമാക്കിയത്.

സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വ പരിപാലനം, അണുബാധ നിയന്ത്രണം എന്നിവ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നൽകിവരുന്ന പുരസ്കാരമാണ് കായകൽപ്. കേരളത്തിലെ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (സി.എച്ച്.സി), പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പി.എച്ച്.സി.), നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ(യു.പി.എച്ച്.എസി) എന്നിവയിൽ നിന്ന് തെരഞ്ഞെടുക്കുന്ന മികച്ച ആശുപത്രികൾക്കാണ് കായകൽപ് അവാർഡ് നൽകുന്നത്. ആശുപത്രികളിൽ ജില്ലാതല പരിശോധനയും പിന്നീട് സംസ്ഥാനതല പരിശോധനയും നടത്തി അവാർഡ് നിയന്ത്രണ കമ്മിറ്റിയിലൂടെയാണ് ഏറ്റവും മികച്ച ആശുപത്രികളെ തെരഞ്ഞെടുക്കുന്നത്.

**ശുചിത്വ പരിപാലനം, അണുബാധ നിയന്ത്രണം എന്നിവ വിലയിരുത്തി സർക്കാർ നൽകിവരുന്ന പുരസ്കാരമാണ് കായകൽപ്.**



ജില്ലാതല ആശുപത്രികളിൽ 92.75 ശതമാനം മാർക്ക് നേടി ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി എറണാകുളം ഒന്നാം സ്ഥാനമായ 50 ലക്ഷം രൂപ പങ്കിട്ടു. 89.24 ശതമാനം മാർക്കോടെ രണ്ടാം സ്ഥാനമായ 20 ലക്ഷം രൂപ ജനറൽ ആശുപത്രി തൃശ്ശൂർ കരസ്ഥമാക്കി. 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ ആറ് ആശുപത്രികൾ മൂന്ന് ലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡിനും അർഹരായി. ഡബ്ല്യൂ ആന്റ് സി ആശുപത്രി മങ്ങാട്ടുപറമ്പ (89.17 ശതമാനം), ജനറൽ ആശുപത്രി കോഴിക്കോട് (78.04 ശതമാനം), ഡബ്ല്യൂ ആന്റ് സി തിരുവനന്തപുരം (76.07 ശതമാനം), ജില്ലാ ആശുപത്രി മാവേലിക്കര (73.22 ശതമാനം), ജനറൽ ആശുപത്രി അടൂർ, പത്തനംതിട്ട (73.19 ശതമാനം), ജനറൽ ആശുപത്രി കാസർഗോഡ്(71.59 ശതമാനം) എന്നിവയാണ് ജില്ലാതലത്തിൽ അവാർഡിനർഹമായ ആശുപത്രികൾ.

സബ് ജില്ലാ തലത്തിൽ കൊല്ലം ജില്ലയിലെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ (91.06 ശതമാനം) ഒന്നാം സ്ഥാനമായ 15 ലക്ഷം രൂപയുടെ അവാർഡ് കരസ്ഥമാക്കി. രണ്ടാം സ്ഥാനമായ 10 ലക്ഷം രൂപ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി താമരശ്ശേരി, കോഴിക്കോട് (89.95 ശതമാനം) കരസ്ഥമാക്കി. സബ് ജില്ലാതലത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ ഏഴ് ആശുപത്രികൾക്ക് 1 ലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡ് തുകയും ലഭിക്കും.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നാം സ്ഥാനമായ 3 ലക്ഷം രൂപയ്ക്ക് സി.എച്ച്.സി പെരിഞ്ഞനം, തൃശ്ശൂർ (91.29 ശതമാനം) നേടി. അതോടൊപ്പം തന്നെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 13 ആശുപത്രികൾ 1 ലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡിനും അർഹഹരായി.

അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗങ്ങളെ മൂന്ന് ക്ലസ്റ്റർ ആയി തിരിച്ചാണ് അവാർഡ് നൽകിയത്. അതിൽ ഫസ്റ്റ് ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ തിരുവല്ല, പത്തനംതിട്ട (99.2 ശതമാനം) ഒന്നാം സ്ഥാനമായ 2 ലക്ഷം രൂപ കരസ്ഥമാക്കി. രണ്ടാം സ്ഥാനമായ 1.5 ലക്ഷം രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മാമ്പഴക്കര, തിരുവനന്തപുരം (96.3 ശതമാനം, മൂന്നാം സ്ഥാനമായ 1 ലക്ഷം രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മുട്ടട, തിരുവനന്തപുരം (95.8 ശതമാനം) നേടി. സെക്കന്റ് ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വി .ആർ പുരം തൃശൂർ (98.3 ശതമാനം) 2 ലക്ഷം രൂപ കരസ്ഥമാക്കി. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ ഗോസായിക്കുന്ന്, തൃശ്ശൂർ (97.9 ശതമാനം) രണ്ടാം സ്ഥാനമായ 1.5 ലക്ഷം രൂപ, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ എളമാൻതോപ്പ്, എറണാകുളം (96.3 ശതമാനം) മൂന്നാം സ്ഥാനമായ 1 ലക്ഷം രൂപ കരസ്ഥമാക്കി. മൂന്നാം ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വെട്ടേക്കോട്, മലപ്പുറം 92.9 ശതമാനത്തോടെ ഒന്നാം സ്ഥാനമായ 2 ലക്ഷം രൂപ, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ പുളിങ്കുന്ന്, കാസർഗോഡ് 90 ശതമാനത്തോടെ രണ്ടാം സ്ഥാനമായ 1.5 ലക്ഷം രൂപ, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ കൽപ്പറ്റ, വയനാട് 87.9 ശതമാനം മാർക്കോടെ മൂന്നാം സ്ഥാനമായ 1 ലക്ഷം രൂപ കരസ്ഥമാക്കി. നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 9 ആശുപത്രികൾക്ക് 50,000 രൂപ വീതം കമൻഡേഷൻ അവാർഡിനും അർഹരായി.

പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ എഫ്.എച്ച്.സി. കാട്ടാക്കട ന്യൂ ആമച്ചൽ, തിരുവനന്തപുരം (92.5 ശതമാനം), എഫ്.എച്ച്.സി. അഴീക്കൽ, കൊല്ലം (86.3 ശതമാനം), പി എച്ച് സി പാണാവള്ളി, ആലപ്പുഴ (81 ശതമാനം), പി എച്ച് സി പുന്നപ്ര സൗത്ത് (81 ശതമാനം), എഫ് എച്ച് സി ഓമല്ലൂർ, പത്തനംതിട്ട(94.2 ശതമാനം), എഫ് എച്ച് സി മുത്തോലി, കോട്ടയം (87.9 ശതമാനം), പി എച്ച് സി കോടിക്കുളം, ഇടുക്കി (85 ശതമാനം),എഫ് എച്ച് സി രായമംഗലം, എറണാകുളം (91.7 ശതമാനം), എഫ് എച്ച് സി മാടവന (96.7 ശതമാനം), എഫ് എച്ച് സി പൂമംഗലം, തൃശ്ശൂർ (96.7 ശതമാനം), എഫ് എച്ച് സി വെള്ളിനേഴി, പാലക്കാട് (80.3 ശതമാനം), എഫ് എച്ച് സി വഴക്കാട്, മലപ്പുറം (97 ശതമാനം), എഫ് എച്ച് സി നരിപ്പറ്റ, കോഴിക്കോട് (97.1 ശതമാനം), എഫ്.എച്ച്.സി. എടവക, വയനാട് (97.9 ശതമാനം). എഫ് എച്ച് സി ന്യൂ മാഹി, കണ്ണൂർ (95.6 ശതമാനം), എഫ് എച്ച് സി പാണത്തൂർ, കാസർഗോഡ് (98.3 ശതമാനം) എന്നിവർ ഒന്നാം സ്ഥാനം നേടിയവർ. സ്ഥാപനങ്ങൾക്ക് 2 ലക്ഷം രൂപ അവാർഡ് തുകയായി ലഭിക്കും. 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 28 ആശുപത്രികൾക്ക് കമൻഡേഷൻ അവാർഡായ 50,000 രൂപ ലഭിക്കും.

## 1-ാം സ്ഥാനം കരസ്ഥമാക്കിയ ആശുപത്രികൾ

- ജില്ലാ ആശുപത്രി കൊല്ലം
- ജനറൽ ആശുപത്രി, എറണാകുളം
- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊല്ലം
- സി എച്ച് സി പെരിഞ്ഞനം,തൃശൂർ
- യു പി എച്ച് സി തിരുവല്ല, പത്തനംതിട്ട
- യു പി എച്ച് സി, വി ആർ പുരം, തൃശൂർ
- യു പി എച്ച് സി വെട്ടേക്കോട്, മലപ്പുറം
- എഫ് എച്ച് സി കാട്ടാക്കട, തിരുവനന്തപുരം
- എഫ് എച്ച് സി അഴീക്കൽ, കൊല്ലം
- പി എച്ച് സി പാണാവള്ളി, ആലപ്പുഴ
- പി എച്ച് സി പുന്നപ്ര സൗത്ത്, ആലപ്പുഴ
- എഫ് എച്ച് സി ഓമല്ലൂർ, പത്തനംതിട്ട
- എഫ് എച്ച് സി മുത്തോളി, കോട്ടയം
- പി എച്ച് സി കോടിക്കുളം, ഇടുക്കി
- എഫ് എച്ച് സി രായമംഗലം, എറണാകുളം
- എഫ് എച്ച് സി മാടവന,
- എഫ്എച്ച്സി പൂമംഗലം, തൃശ്ശൂർ
- എഫ്എച്ച്സി വെള്ളിനേഴി, പാലക്കാട്
- എഫ്എച്ച്സി വഴക്കാട്, മലപ്പുറം
- എഫ്എച്ച്സി നരിപ്പറ്റ, കോഴിക്കോട്
- എഫ്.എച്ച്.സി. എടവക, വയനാട്
- എഫ്എച്ച്സി ന്യൂ മാഹി, കണ്ണൂർ
- എഫ്എച്ച്സി പാണത്തൂർ, കാസർഗോഡ്



ദേശീയ ബധിരതാ നിയന്ത്രണ പരിപാടി

# കേൾവിശക്തിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ചെവികളുടെ ആരോഗ്യം പരിപാലിക്കാം

**കേൾവി** പ്രശ്നങ്ങളും വൈകല്യങ്ങളും മുതിർന്നവരെയെന്ന പോലെ കുട്ടികളെയും ഒരു പോലെ ബാധിക്കുകയാണ്. കേൾവിക്കുറവിന്റെ വ്യാപ്തിയും പരിണത ഫലങ്ങളും മനസ്സിലാക്കി അതിന് വേണ്ട ചികിത്സയും പുനരധിവാസ മാർഗങ്ങളും ഉറപ്പാക്കുകയാണ് ദേശീയ ബധിരതാ നിയന്ത്രണ പദ്ധതി. 2007 ൽ ആരംഭിച്ച പദ്ധതി 2012 ൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും നിലവിൽ വന്നു.

കേൾവിക്കുറവ് കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനുമായി ജില്ലകളിൽ ഓരോ നോഡൽ സെന്ററുകളും സംസ്ഥാനത്തുടനീളം തെരഞ്ഞെടുത്ത സർക്കാർ ആശുപത്രികളിൽ 53 എക്സ്റ്റൻഷൻ സെന്ററുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. കേൾവി പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ കേൾവിയുടെ ലോകത്തേക്ക് കൈപിടിച്ചുകൊണ്ടുവരാനുള്ള നിരവധി പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്.

### ദേശീയ ബധിരത നിയന്ത്രണ പദ്ധതിയുടെ സേവനങ്ങൾ

### ഒ പി സേവനങ്ങൾ

ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള വിദഗ്ധരായ ഇഎൻടി ഡോക്ടർമാരുടെ സേവനം എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭ്യമാണ്. ചെവിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന എല്ലാത്തരം രോഗങ്ങൾക്കുമുള്ള ചികിത്സയും ശസ്ത്രക്രിയകളും ഇവിടങ്ങളിൽ നടത്തുന്നു.

### ശസ്ത്രക്രിയ

കേൾവിക്കുറവിനു കാരണമായ കർണപടത്തിലുണ്ടാകുന്ന സുഷിരം,മധ്യകർണത്തിലുണ്ടാകുന്ന അണുബാധ,മധ്യകർണത്തിലെ എല്ലുകൾക്കുണ്ടാകുന്ന കേടുപാടുകൾ എന്നിവക്കുള്ള ശസ്ത്രക്രിയ എല്ലാ ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിലും നടത്തുന്നു.

### പരിശീലന പരിപാടി

ചെവിസംബന്ധമായ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഓരോ വ്യക്തിയെയും സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നും കണ്ടെത്തി ചികിത്സയും പുനരധിവാസവും ഉറപ്പാക്കുന്നതിനായി ആരോഗ്യശൃംഖലയിലെ ഓരോ ജീവനക്കാരനെയും പ്രാപ്തരാക്കുകയാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർഥികളിലെ കേൾവി പ്രശ്നങ്ങൾ തിരിച്ചറിയാൻ പ്രൈമറി സ്കൂൾ അധ്യാപകർക്കും പരിശീലനം നൽകുന്നു.

### കേൾവി പരിശോധന

കേൾവിക്കുറവ് നിർണയം, ചികിത്സ, കേൾവി സഹായി നിർദ്ദേശിക്കൽ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. സ്വകാര്യ സ്ഥാപനങ്ങളിൽ ചിലവേറിയ പിടിഎ, ഇമ്പിഡൻസ് ഓഡിയോമെട്രി, ഓട്ടോ അക്വസ്റ്റിക് എമിഷൻ, ബെറ തുടങ്ങിയ പരിശോധനകൾ വളരെ ചുരുങ്ങിയ ചിലവിലോ സൗജന്യമായോ ലഭ്യമാക്കുന്നു.

നവജാത ശിശുക്കളിലെ കേൾവിക്കുറവിന്റെ ഈ പരിശോധനകൾ കേരളത്തിലെ ബധിരത നിയന്ത്രണ പദ്ധതിയുടെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സൗജന്യമായി നടത്തുന്നു

### കുഞ്ഞുങ്ങളിലെ ശ്രവണ വൈകല്യം കണ്ടെത്തുക

നവജാത ശിശുക്കളിൽ ആശുപത്രിയിൽ നിന്ന് തന്നെ ശ്രവണ പരിശോധന നടത്തണം. കേൾവിക്കുറവ് കുട്ടിയുടെ സംസാര ഭാഷാ വികസനത്തെയും വിജ്ഞാന നൈപുണ്യത്തെയും സാരമായി ബാധിക്കും. പ്രാഥമിക ശ്രവണ പരിശോധനയിൽ വിജയിച്ചില്ലെങ്കിൽ കൂടുതൽ പരിശോധനകൾ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ ചെയ്യേണ്ടതുണ്ട്. പ്രാഥമിക പരിശോധനയായ ഓട്ടോ അക്വസ്റ്റിക് എമിഷൻ (ഒഎഇ) കേൾവിക്കുറവ് നിർണ്ണയിക്കുന്നതിന് വേണ്ടിയുള്ള ബെറ തുടങ്ങിയവയാണ് നവജാത ശിശുക്കളിലെ കേൾവിക്കുറവ് നേരത്തെ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ. ഈ പരിശോധനകൾ കേരളത്തിലെ ബധിരത നിയന്ത്രണ പദ്ധതിയുടെ ജില്ലാ കേന്ദ്രങ്ങളിലും സൗജന്യമായി നടത്തുന്നു




### കേൾവി സഹായി

ശാസ്ത്രക്രിയ കൊണ്ടോ മരുന്നു കൊണ്ടോ മാറ്റാൻ കഴിയാത്ത കേൾവിക്കുറവിനുള്ള പരിഹാരമാണ് കേൾവിസഹായി. ജന്മനായുള്ള കേൾവിക്കുറവ് എത്രയും നേരത്തെ കണ്ടുപിടിച്ച് ആറ് മാസത്തിനുള്ളിൽ കേൾവിസഹായിയുടെ ഉപയോഗം ഉറപ്പു വരുത്തണം. സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ദേശീയ ബധിരത നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സൗജന്യ കേൾവി പരിശോധനയും ഫണ്ട് ലഭ്യത അനുസരിച്ച് ശ്രവണസഹായി വിതരണവും നടത്തുന്നുണ്ട്.

### സ്ക്രീനിംഗ്-ബോധവൽക്കരണ ക്യാമ്പുകൾ

കേൾവിക്കുറവ് തുടക്കത്തിൽ കണ്ടെത്തുക, ആവശ്യമായ തുടർ ചികിത്സ ലഭ്യമാക്കുക, ചെവിയുടെയും കേൾവിയുടെയും ശരിയായ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിലേക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങളോട് കൂടിയാണ് ദേശീയ ബധിരത നിയന്ത്രണ പദ്ധതി സ്ക്രീനിംഗ് ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കുന്നത്. ജില്ലാ കേന്ദ്രങ്ങളിൽ തുടർചികിത്സകൾ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ശ്രവണ സഹായികളും,ചികിത്സാനന്തരസേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു.

### വികലാംഗ സർട്ടിഫിക്കറ്റ്

വൈകല്യ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്രണ്ടിന്റെ അധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ബോർഡ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നു.

### സ്പീച്ച് തെറാപ്പി

സംസാര ഭാഷയിലുള്ള വ്യതിയാനങ്ങളെ പരിഹരിക്കുന്നതിനുള്ള മാർഗരീതിയാണ് സ്പീച്ച് തെറാപ്പി. പ്രായത്തിനു ആനുപാതികമായ സംസാര-ഭാഷ വളർച്ചയില്ലെങ്കിൽ, കേൾവിക്കുറവ്, ഉച്ചാരണ പ്രശ്നങ്ങൾ, പറയുന്ന കാര്യങ്ങൾ മനസിലാക്കുന്നതിനുള്ള ബുദ്ധിമുട്ട്, പഠനത്തിനും ഭാഷ ഉപയോഗിക്കുന്നതിനുള്ള ബുദ്ധിമുട്ട്, ഒച്ചയടപ്പ്, ഒച്ചയില്ലായ്മ തുടങ്ങിയ ശബ്ദവ്യതിയാനങ്ങൾ, സംസാരത്തിലുണ്ടാകുന്ന വിക്ക്, പക്ഷാഘാതം തുടങ്ങിയവയ്ക്കാണ് സ്പീച്ച് തെറാപ്പി നൽകുന്നത്.

### ഏർലി ഇന്റർവെൻഷൻ സെന്റർ

കുഞ്ഞുങ്ങളിലെ പുനരധിവാസ പ്രക്രിയയാണ് ഏർലി ഇന്റർവെൻഷൻ സെന്റർ. വൈകല്യമുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് ഏർലി ഇന്റർവെൻഷന്റെ പ്രധാനലക്ഷ്യം. വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും കുട്ടികൾ അറിഞ്ഞിരിക്കേണ്ടതും സംസാരിക്കേണ്ടതുമായ ഭാഷയുടെ അളവിന് സമാനമായ ഭാഷാ വികസനം കേൾവി വൈകല്യമുള്ള കുട്ടികളിൽ സാധ്യമാക്കുന്നതിന് ഏർലി ഇന്റർവെൻഷനിലൂടെ കഴിയുന്നു. ദേശീയ ബധിരത നിയന്ത്രണ നിവാരണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലെയും ജനറൽ ആശുപത്രികളിലായി ഒരു ഇൻസ്ട്രക്ടർ ഫോർ യങ് ഹിയറിങ് ഇമ്പയേർഡ് എന്ന തസ്തികയിൽ ബധിര വിദ്യാഭ്യാസ മേഖലയിൽ വൈദഗ്ധ്യം നേടിയ പരിശീലകരെ നിയമിച്ചിട്ടുണ്ട്.



## പൾസ് പോളിയോ തുള്ളിമരുന്ന്

**സംസ്ഥാനത്ത് 20.56 ലക്ഷം കുട്ടികൾക്ക് തുള്ളിമരുന്ന് നൽകി**



തിരുവനന്തപുരം: സംസ്ഥാനത്ത് 5 വയസിന് താഴെയുള്ള 20,56,431 കുട്ടികൾക്ക് പൾസ് പോളിയോ തുള്ളിമരുന്ന് നൽകി. 24,614 ബൂത്തുകൾ വഴി അഞ്ച് വയസ് വരെയുള്ള 24,36,298 കുട്ടികൾക്കാണ് പോളിയോ തുള്ളിമരുന്ന് നൽകാൻ ലക്ഷ്യമിട്ടിരുന്നത്. തുള്ളിമരുന്ന് വിതരണം ചെയ്യുന്നതിനായി 49,228 വളിയർമാരെയും 2,183 സൂപ്പർവൈസർമാരെയുമാണ് സംസ്ഥാനത്ത് സജ്ജമാക്കിയത്. കൊവിഡ് പശ്ചാത്തലത്തിലും 84.41 ശതമാനം കുട്ടികളും വാക്സിൻ സ്വീകരിച്ചതായും ആരോഗ്യ മന്ത്രി അറിയിച്ചു. പോളിയോ പ്രതിരോധ തുള്ളിമരുന്ന് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

തിരുവനന്തപുരം 1,99,618, കൊല്ലം 1,50,797, പത്തനംതിട്ട 60,340, ആലപ്പുഴ 1,20,195, കോട്ടയം 99,497, ഇടുക്കി 66,513, എറണാകുളം 1,83,217, തൃശൂർ 1,83,120, പാലക്കാട് 1,77,390, മലപ്പുറം 3,07,163, കോഴിക്കോട് 2,01,151, വയനാട് 53,779, കണ്ണൂർ 1,57,072, കാസർഗോഡ് 96,579 എന്നിങ്ങനെ ജില്ലായടിസ്ഥാനത്തിൽ പോളിയോ തുള്ളിമരുന്ന് സ്വീകരിച്ചു.

പോളിയോ തുള്ളിമരുന്നിന്റെ മുന്നോടിയായി ജില്ലകളിൽ ബോധവൽക്കരണ പ്രവർത്തനം ഊർജിതപ്പെടുത്തിയിരുന്നു. സമൂഹമാധ്യമങ്ങൾ മുഖേനയും പൊതുയിടങ്ങൾ കേന്ദ്രീകരിച്ചും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തി. പോളിയോ ബൂത്തുകൾക്ക് പുറമേ ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിലും ട്രാൻസിറ്റ് ബൂത്തുകൾ സജ്ജമാക്കിയിരുന്നു.

# കണ്ണൂർ ഫൈറ്റ്സ് കാൻസർ ക്യാമ്പയിന് തുടക്കം

## ലോഗോ പ്രകാശനം ചെയ്തു




ക്യാമ്പയിനിന്റെ ലോഗോ പ്രകാശനം തദ്ദേശ സ്വയംഭരണ- എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിക്കുന്നു.

കണ്ണൂർ: കാൻസർ പ്രതിരോധം, ചികിത്സ എന്നിവയെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ജില്ലാ ഭരണകൂടം, ജില്ലാ പഞ്ചായത്ത്, ജില്ലാ ആരോഗ്യവകുപ്പ് എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ 'കണ്ണൂർ ഫൈറ്റ്സ് കാൻസർ' ക്യാമ്പയിൻ ആരംഭിച്ചു. ക്യാമ്പയിനിന്റെ ലോഗോ പ്രകാശനം തദ്ദേശ സ്വയം ഭരണ- എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു.

സംസ്ഥാന സർക്കാരിന്റെ കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ ഭാഗമായാണ് കണ്ണൂർ ഫൈറ്റ്സ് കാൻസർ ക്യാമ്പയിൻ നടപ്പിലാക്കുന്നത്. കാൻസർ സ്ക്രീനിങ്, കാൻസർ പ്രതിരോധ ജീവിത ശൈലി പ്രചരണം, പേഷ്യന്റ് സപ്പോർട്ടീവ് സർവീസസ് എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് പരിപാടി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി ജില്ലാ കലക്ടർ ചെയർമാനായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായും ഡി.എം.ഒ കൺവീനറായും ജില്ലാ കാൻസർ കൺട്രോൾ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കോ.കൺവീനർമാരായി മലബാർ കാൻസർ സെന്റർ ഡയറക്ടറും കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ഓങ്കോളജി വിഭാഗം തലവനും പ്രവർത്തിക്കും. ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ പ്ലാനിങ് ഓഫീസർ, കാൻസർ ചികിത്സ നൽകുന്ന സ്വകാര്യ ആശുപത്രികളുടെ പ്രതിനിധി, പ്രൈവറ്റ് ഹോസ്പിറ്റൽ ഓണേഴ്സ് അസോസിയേഷൻ പ്രതിനിധി, പ്രൈവറ്റ് ലാബ് അസോസിയേഷൻ പ്രതിനിധി, കുടുംബശ്രീ മിഷൻ പ്രതിനിധി, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് തലവൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ജില്ലയിലെ പാലിയേറ്റീവ് കെയർ നെറ്റ്‌വർക്ക് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി കൃത്യമായ ഇടവേളകളിൽ ജില്ലാതല കമ്മിറ്റികൾ വിളിച്ചു ചേർക്കുന്നതാണ്. മലബാർ കാൻസർ സെന്റർ, ഗവ. മെഡിക്കൽ കോളേജ് ഓങ്കോളജി വിഭാഗം എന്നിവ സാങ്കേതിക സഹായം നൽകുകയും ചെയ്യും.

# മാതൃയാനത്തിൽ ആയിരം കൺമണി യാത്ര

നെയ്യാറ്റിൻകര: സർക്കാർ ആശുപത്രിയിൽ പ്രസവാനന്തരം അമ്മയേയും നവജാത ശിശുവിനേയും സൗജന്യമായി വാഹനത്തിൽ വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതിയിൽ ആയിരം ഗുണഭോക്താക്കൾ പിന്നിട്ടു. പ്രസവാനന്തരം അമ്മയേയും കുഞ്ഞിനേയും സുരക്ഷിതമായി വീട്ടിലെത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2019 മേയ് 13നാണ് മാതൃയാനം പദ്ധതിയിൽ ഇതുവരെ 4.57 ലക്ഷം രൂപ ചെലവായി. ഓൺലൈനായാണ് മാതൃയാനം നടപ്പിലാക്കുന്നത്. ഓരോ അമ്മയും കുഞ്ഞും ഡിസ്ചാർജ് ആകുമ്പോഴും മാതൃയാനം കൗണ്ടറിൽ നിർദ്ദിഷ്ട ഫോമിൽ അപേക്ഷ സമർപ്പിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ മാതൃയാനം ഓൺലൈൻ ആപ്ലിക്കേഷൻ വഴി സേവനത്തിനായി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഡ്രൈവർമാരുടെ മൊബൈലിൽ നോട്ടിഫിക്കേഷൻ എത്തുന്നു. ഒഴിവുള്ള ഡ്രൈവർമാരിൽ നിന്നും ആദ്യം സന്നദ്ധത അറിയിക്കുന്ന



നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡിസ്ചാർജായ അമ്മയും കുഞ്ഞും കാറിൽ വീട്ടിലേക്ക് യാത്രയാവുന്നു.

ആരംഭിച്ചത്. നേരത്തെ യാത്രാ ചെലവിനായി 500 രൂപ നൽകിയിരുന്നു. ഇത് ദീർഘദൂര യാത്രയ്ക്ക് തികയില്ല. ഈ സാഹചര്യം കണക്കിലെത്താണ് ടാക്സി ഏർപ്പാടാക്കാൻ തീരുമാനിച്ചത്. ടാക്സി ഉടമകളും സർക്കാരുമായുള്ള കരാർ അനുസരിച്ചാണ് പദ്ധതി നടത്തിപ്പ്. മാതൃയാനം നടത്തിപ്പിനായി നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഡ്രൈവർക്ക് യാത്ര ആരംഭിക്കാൻ ഓൺലൈനായി നിർദേശം നൽകുന്നു. വാഹനത്തിന്റെ യാത്രാ വിവരങ്ങൾ നിരീക്ഷിക്കാനും ആപ്ലിക്കേഷനിലൂടെ സാധിക്കും.

യാത്രാ നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന ലോക്ക്ഡൗൺ കാലത്താണ് പദ്ധതി ഏറെ ശ്രദ്ധേയമായത്. ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ മാത്രമാണ് ഇപ്പോൾ മാതൃയാനം പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആക്ഷൻ പ്ലാൻ

## മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

തിരുവനന്തപുരം: തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ ആക്ഷൻ പ്ലാൻ രൂപീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ആക്ഷൻ പ്ലാൻ അനുസരിച്ച് സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി പ്രത്യേകമായി ട്രാൻസ്പ്ലാന്റ് യൂണിറ്റ് സജ്ജമാക്കണം. എത്രയും വേഗം മെഡിക്കൽ കോളേജിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി. മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതല യോഗത്തിലാണ് ഇതുസംബന്ധിച്ച് നിർദേശം നൽകിയത്.

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ രോഗികളുടെ കുടുംബത്തിന് വലിയ സാമ്പത്തിക പ്രതിസന്ധിയാണുണ്ടാക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്നതാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ. സർക്കാർ മേഖലയിൽ നിലവിൽ ഒരിടത്തും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നില്ല എന്ന അവസ്ഥയിലാണ് ഈ സർക്കാർ ഇടപെട്ടത്. തിരുവനന്തപുരം, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ ആരോഗ്യ വകുപ്പ് വലിയ മുന്നൊരുക്കങ്ങളാണ് നടത്തിയത്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കഴിഞ്ഞ ദിവസം കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടന്നിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് മന്ത്രി യോഗം വിളിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സംവിധാനങ്ങൾ സജ്ജമാക്കുന്നതാണ്.

രണ്ട് മെഡിക്കൽ കോളേജുകളിലും കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കായുള്ള ഓപ്പറേഷൻ തീയറ്റർ, ലിവർ ട്രാൻസ്പ്ലാന്റ് ഐ.സി.യു., അത്യാധുനിക ഉപകരണങ്ങൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലനവും നൽകിയി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശ തോമസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. എ. റംലാ ബീവി, ജോ. ഡയറക്ടർ ഡോ. തോമസ് മാത്യു, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സാറ വർഗീസ്, ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ. കൃഷ്ണദാസ്, സർജിക്കൽ ഗ്യാസ്ട്രോ വിഭാഗം മേധാവി ഡോ. രമേഷ് രാജൻ, അനസ്തീഷ്യ വിഭാഗം മേധാവി ഡോ. ലിനറ്റ് എന്നിവർ പങ്കെടുത്തു.

**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**ഡോ. രത്തൻ യു ഖേൽക്കർ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

അസി. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെസി(ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെസി(ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**വി കെ വർഷ**
ജെസി(ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജെസി(ഡി&സി), തിരുവനന്തപുരം
**അശ്വിനി രവീന്ദ്രൻ**
ജെസി(ഡി&സി), കൊല്ലം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡി&സി), തൃശൂർ
**എൻ പ്രീത**
ജെസി(ഡി&സി), പാലക്കാട്
**യു ബിൻസി രവീന്ദ്രൻ**
ജെസി(ഡി&സി), കണ്ണൂർ
**കമൽ കെ ജോസ്**
ജെസി(ഡി&സി), കാസർഗോഡ്
**ഷീബ ആർ ദാസ്,** ക്ലർക്ക്, ഡി ഇ ഒ
സ്റ്റേറ്റ് മിഷൻ ഓഫീസ്

# ലഹരിയോട് നോ പറയാം; ശ്രദ്ധ നേടി ലഹരിവിരുദ്ധ ബോധവത്കരണ ക്യാമ്പയിൻ




കൊല്ലം: ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവുമായി ക്യാമ്പയിൻ സംഘടിപ്പിച്ചു. ലഹരി മരുന്നുകളുടെ ഉപയോഗം, മദ്യപാന ആസക്തി തുടങ്ങിയ സാമൂഹ്യവിപത്തുകൾക്കെതിരെ ജില്ലാമെഡിക്കൽ ഓഫീസ്, ആരോഗ്യ കേരളം കൊല്ലം, ജില്ലാ മാനസികാരോഗ്യ പദ്ധതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്.

ജില്ലയിലെ തീരദേശ-ട്രൈബൽ മേഖലകളെ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്ന മാനസികാരോഗ്യ ക്യാമ്പുകളുടെ ഭാഗമായാണ് ബോധവത്കരണ പരിപാടി. ഇതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോധവൽകരണ വാഹന യാത്രയും നടത്തി. ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നിന്നാരംഭിച്ച യാത്ര തീരദേശ മേഖലയായ ആലപ്പാട്, അഴീക്കൽ, വെള്ളനാതുരുത്ത്, ചെറിയഴീക്കൽ, തങ്കശ്ശേരി, വാടി, താന്നി, ഇരവിപുരം, പരവൂർ, ട്രൈബൽ മേഖലകളായ കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ് എന്നിവിടങ്ങളിലായി വാഹനം പര്യടനം നടത്തി. സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സോഷ്യൽവർക്കർ എന്നിവരുടെ സേവനവും ബോധവത്കരണ വാഹനത്തിനൊപ്പം സജ്ജമാക്കി.

ക്യാമ്പയിനിന്റെ ഭാഗമായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ബോധവത്കരണ സെമിനാറുകൾ, കുട്ടികൾക്കായുള്ള ലഹരി വിരുദ്ധ ശിൽപശാല എന്നിവയും സംഘടിപ്പിച്ചു. 100 ഓളം കുട്ടികൾ വിവിധ കേന്ദ്രങ്ങളിലായി ശിൽപശാലയുടെ ഭാഗമായി. ആവശ്യമുള്ളവർക്കായ് കൗൺസിലിംഗ് സേവനവും നൽകി. എല്ലാമാസവും രണ്ടാം ശനിയാഴ്ചകളിൽ ആലപ്പാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കൗൺസിലറുടെ സേവനവും ലഭ്യമാക്കും. മാർച്ച് മാസം എക്സൈസ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ജില്ലയിൽ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വാഹനം ക്യാമ്പയിൻ വീണ്ടും നടത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

# ആദ്യ ഇലക്ട്രോ ഫിസിയോളജി ലാബ് പ്രവർത്തനം ആരംഭിച്ചു

> തിങ്കൾ, വ്യാഴം ദിവസങ്ങളിലാണ് ഒ.പി പ്രവർത്തിക്കുന്നത്. ന്യൂറോളജിസ്റ്റ്, ന്യൂറോ ടെക്നീഷ്യൻ എന്നിവരുടെ സേവനവും ലാബിൽ ലഭ്യമാണ്

പാലക്കാട് : ജില്ലയിൽ ആദ്യത്തെ ഇലക്ട്രോ ഫിസിയോളജി ലാബ് ജില്ലാ ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ചു. ഇ.ഇ.ജി, നെർവ് കണ്ടക്ഷൻ സ്റ്റഡി, ഇ.എം.ജി, വി.ഇ.പി പരിശോധനകൾ വളരെ കുറഞ്ഞ നിരക്കിൽ ആളുകൾക്ക് ലാബിലൂടെ ലഭ്യമാകും.

പൊതുവിപണിയിൽ ഒന്നര ലക്ഷം രൂപ വിലയുള്ള ഐ.വി ഇമ്മ്യൂണോഗ്ലോബുലിൻ തുടങ്ങിയ മരുന്നുകൾ കെ.എ.എസ്.പി പദ്ധതിയിലുള്ള രോഗികൾക്ക് സൗജന്യമായി ഇവിടെ നിന്നും നൽകുന്നുണ്ട്. ഗില്ലൻ ബാരി, മയസ്ഥീനിയ ഗ്രാവസ് തുടങ്ങിയ രോഗങ്ങളുള്ളവർക്ക് കൃത്യമായ ചികിത്സയും നിരീക്ഷണവും ആശുപത്രിയിൽ ഉറപ്പാക്കുന്നുണ്ട്. തിങ്കൾ, വ്യാഴം ദിവസങ്ങളിലാണ് ഒ.പി പ്രവർത്തിക്കുന്നത്.ന്യൂറോളജിസ്റ്റ്, ന്യൂറോ ടെക്നീഷ്യൻ എന്നിവരുടെ സേവനവും ലാബിൽ ലഭ്യമാണ്.

അപസ്മാരം, പക്ഷാഘാതം, മറവി രോഗം, എന്നീ രോഗങ്ങൾ ബാധിച്ചവർ ന്യൂറോളജി വിഭാഗത്തിൽ എത്തുന്നുണ്ട്. കൂടാതെ സി.ടി, എം.ആർ.ഐ സ്കാനിംഗ് വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചതോടെ ഇത്തരം സൗകര്യങ്ങളും അസ്ഥിരോഗ സംബന്ധമായ രോഗങ്ങളുടെ നിർണ്ണയത്തിന് പ്രയോജനകരമാകുന്നുണ്ട്. കൊവിഡിന് ശേഷം ഞരമ്പ്, മസിൽ സംബന്ധമായ രോഗങ്ങൾ ബാധിച്ചവർക്കുള്ള ചികിത്സകളും ഇവിടെ നടന്നുവരുന്നു. പത്തുലക്ഷം രൂപ ചെലവഴിച്ച് കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് (കെ. എം. എസ്. സി. എൽ) ആണ് ലാബ് സ്ഥാപിച്ചത്.

# ആർത്തവാരോഗ്യം ഒരു സാമൂഹിക ഉത്തരവാദിത്വം; 'തുല്യരാണ് നമ്മൾ' ക്യാമ്പയിന് തുടക്കം

തൃശ്ശൂർ: ആർത്തവാരോഗ്യം ഒരു സാമൂഹിക ഉത്തരവാദിത്വമെന്ന ആശയം പ്രചരിപ്പിക്കുന്നതിനും ആർത്തവാനുബന്ധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ജില്ലയിൽ 'തുല്യരാണ് നമ്മൾ' ക്യാമ്പയിന് തുടക്കമായി. ഉന്നത വിദ്യാഭ്യസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. ബോധവൽക്കരണ പരിശീലന പരിപാടികളിലൂടെ ആർത്തവം ഒരു ജൈവപ്രക്രിയയാണെന്ന ആശയം പ്രചരിപ്പിക്കുക, അശാസ്ത്രീയ രീതികളേയും അബദ്ധധാരണകളേയും ശാസ്ത്രീയമായ അറിവുകൾകൊണ്ട് പകരം വെക്കുക, ആർത്തവ ആരോഗ്യ ശീലങ്ങളെ കുറിച്ച് അവബോധം വളർത്തുക, ആർത്തവ ശുചിത്വവുമായി ബന്ധപ്പെട്ട് വികസിതമായ പുതിയ സങ്കേതങ്ങൾ/ രീതികൾ എന്നിവ പരിചയപ്പെടുത്തുക തുടങ്ങിയവയാണ് ക്യാമ്പയിനിന്റെ ലക്ഷ്യങ്ങൾ.

ജില്ലാ പഞ്ചായത്ത്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ആരോഗ്യ കേരളം തൃശ്ശൂർ, വനിതാ ശിശു വികസന വകുപ്പ്, കുടുംബശ്രീ മിഷൻ, ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ, ലൈബ്രറി കൗൺസിൽ, കോസ്റ്റ്ഫോർഡ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

ക്യാമ്പയിനിന്റെ ആദ്യ ഘട്ടമെന്നോണം ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുകയും തുടർന്ന് വിവിധ തലത്തിൽ നിർവഹണ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലന മൊഡ്യൂൾ തയ്യാറാക്കുന്നതിനായി കീ റിസോഴ്സ് പേഴ്സൺമാരുടെ ജില്ലാതല പരിശീലനവും സംഘടിപ്പിച്ചു. പരിശീലനം നേടിയവർ എൻ എസ് എസ് ക്യാമ്പുകളിലും, കുടുംബശ്രീ അയൽക്കൂട്ടങ്ങളിലുമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി പോസ്റ്ററുകളുടെ പ്രദർശനവും ലഘുലേഖകളുടെ വിതരണവും നടന്നുവരുന്നു.

രണ്ടാംഘട്ടത്തിൽ ജില്ലയിലെ മുഴുവൻ അംഗൻവാടികളിലേയും സ്കൂളുകളിലേയും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും മൂന്നാംഘട്ടത്തിൽ അസംഘടിതമേഖലയിലും പൊതു/സ്വകാര്യസ്ഥാപനങ്ങളിലും തൊഴിൽ എടുക്കുന്നവർക്കുമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.



# കൗമാരക്കാരെ ലക്ഷ്യമിട്ട് ഗോത്രതാളം പദ്ധതി



കാസറഗോഡ്: ആദിവാസി മേഖലയിലെ കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണവും ജീവിത മികവും മെച്ചപ്പെടുത്തുന്നതിന് ഗോത്രതാളം പദ്ധതിയുമായി ജില്ലാ കൗമാര ആരോഗ്യ പരിപാടി. ജില്ലയിലെ ഗോത്ര ഊരുകളിലെ കൗമാരക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് ആർ കെ എസ് കെയുടെ നേതൃത്വത്തിലുള്ള ഗോത്രതാളം നടത്തുന്നത്.

ഗോത്രതാളം പരിപാടിയുടെ ഭാഗമായി ആദിവാസി മേഖലകളിലെ കൗമാരക്കാർക്ക് എല്ലാ കൗമാര സൗഹൃദ ആരോഗ്യ സേവനങ്ങളും സൗജന്യമായി ഊരുകളിൽ ലഭ്യമാക്കും. ജില്ലയിലെ എല്ലാ ഗോത്ര ഊരുകളിലും സേവനങ്ങൾ എത്തിക്കുവാനുള്ള സംവിധാനം ഇതിനോടകം തയ്യാറായിക്കഴിഞ്ഞു. ആരോഗ്യ വകുപ്പ്, ട്രൈബൽ ഡിപ്പാർട്ട്മെന്റ്, എക്സൈസസ് ഡിപ്പാർട്ട്മെന്റ്, സൈബർ സെൽ, ഐ സി ഡി എസ്, സോഷ്യൽ സെക്യൂരിറ്റി മിഷൻ, വിദ്യാഭ്യാസ വകുപ്പ്, എസ് സി ഇ ആർ ടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിവരും പരിപാടിയുടെ ഭാഗമാവും.

സ്വഭാവ രൂപീകരണ പരിപാടികൾ, കലാ സാംസ്കാരിക കൂട്ടായ്മകൾ, പഠന മികവിനായി പ്രത്യേക പരിശീലനം, കരിയർ ഗൈഡൻസ് സെമിനാറുകൾ, കൗമാര സൗഹൃദ ഊരുകൂട്ടം, മെഡിക്കൽ ക്യാമ്പുകൾ, കൗൺസിലിംഗ് സേവനങ്ങൾ, രക്ഷിതാക്കൾക്കും പ്രൊമോട്ടേഴ്സിനും വേണ്ടി പ്രാത്യേക പരിപാടികൾ തുടങ്ങിയവ പരിപാടിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. കൗമാര വളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും ജീവിത മികവിനും ആവശ്യമായ കൗമാര സൗഹൃദ സേവനങ്ങൾ ഇവയിലൂടെ ലഭ്യമാക്കും. കൗൺസിലർ, വിദഗ്ദ്ധ ഡോക്ടർമാർ, സൈക്കോളജിസ്റ്റ്, ഭൂമിക കൗൺസിലർ, ഡയറ്റീഷ്യൻ, മിഡിൽ ലെവൽ സർവ്വീസ് പ്രൊവൈഡേഴ്സ്,കരിയർഗൈഡുകൾ, ആശ വർക്കേഴ്സ്, എസ് ടി പ്രൊമോട്ടേഴ്സ്, ആർ ബി എസ് കെ നഴ്സുമാർ തുടങ്ങിയവരുടെ സേവനങ്ങൾ ഊരുകളിലെത്തി നേരിട്ട് നൽകും. ജില്ലയിലെ മാവില, മലവേട്ടുവ, മറാഠി, മലകുടിയ, കുടിയ, കൊറഗ ഗോത്ര വിഭാഗങ്ങളിലെ കൗമാരക്കാരെയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.